വ്യവസായവും, എക്സൈസും, തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ) : (എ) മിക്ക സ്കൂളുകളിലേക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഇപ്പോഴും അയച്ചുകൊണ്ടിരിക്കയാണ്.

(ബി) ഇല്ല.

ഫീസു സൌജന്യം

*൧൫൩൨. (വ്യവ) ശ്രീ. ടി. എം. സന്നമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഹരിജനോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായമായ കുടുംബി സമുദായത്തിലെ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസു് സൌജന്യം അനുവദിച്ചിട്ടുണ്ടെങ്കിലും ചില സ്കൂളുകളിൽ ഫീസു പിരിച്ചതായി ബഹുമാനപ്പെട്ട ഗവൺമെണ്ടിനറിയാമോ?

(ബി) ആയതിനെ സംബന്ധിച്ചു് സമുദായത്തിലെ വ്യക്തികളിൽ നിന്നും ആവലാതി കിട്ടിയിട്ടുണ്ടോ?

(സി) ആവലാതി കിട്ടിയിട്ടുണ്ടെങ്കിൽ പിരിച്ച ഫീസു് മടക്കി കൊടുക്കുന്നതിനു് കല്പന അയച്ചിട്ടുണ്ടോ?

വ്യവസായവും, എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ) :

(എ) അറിയാം.

(ബി) ഉണ്ടു്.

(സി) മുഴുവൻ ഫീസു് സൌജന്യം അനുവദിച്ചിട്ടുള്ള യാതൊരു വിദ്യാർത്ഥിയിൽ നിന്നും ഫീസു് വസൂൽ ചെയ്യാൻ പാടില്ലാ എന്നു് വിദ്യാഭ്യാസ ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്.

നിവേദനം

*൧൫൩൩. (വ്യൻ) ശ്രീ. ആർ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ദേവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനാപുരം താലൂക്കിൽ അഞ്ചൽ പകുതിയിൽ മുങ്ങോട്ടു മറിയിൽ ഉള്ള ഹരിജനങ്ങൾക്കു ടി പകുതിയിൽ മുങ്ങോട്ടുകരയിൽ അവരുടെ താമസത്തിനും കൃഷിക്കുമായി കുറെ സ്ഥലം കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കണമെന്നു കാണിച്ചു നിവേദനം ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എം. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) അപേക്ഷയിൽ പറയുന്ന സ്ഥലം എരുർ റിസർവ് വനത്തിന്റെ ഒരു ഭാഗമാണു്. അവിടെ വൃക്ഷങ്ങളും ധാരാളമുണ്ടു്. സെറിൽഡ് റിസർവിന്റെ ഒരു ഭാഗമായതുകൊണ്ടു് താമസത്തിനും കൃഷിക്കുമായി കൊടുക്കാവുന്നതല്ല.

പിന്നോക്ക സമുദായക്കാക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കുന്ന ഭൂമി

*൧൫൩൪. (വ്യ ൦) ശ്രീ. ആർ. അച്യുതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

Page 1